# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 871 — 07.02.2013 - ൽ മറുപടിക്ക്

## കുടിവെള്ള വിതരണം സ്വകാര്യ കമ്പനിക്ക്

| ചോദ്യം<br>ശ്രീ. എ.എം. ആരിഫ് | | മറുപടി<br>പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കുടിവെള്ള വിതരണ രംഗത്ത് സ്വകാര്യ കമ്പനിയെ കൊണ്ടുവരികയെന്നത് മുഖ്യമന്ത്രിയുടെ ഒരു വർഷത്തെ കർമ്മ പരിപാടിയിൽ പ്രഖ്യാപിച്ചിരുന്നോ; | (എ) | സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) നമ്പർ 103/2012/ഡബ്ല്യു.ആർ.ഡി തീയതി 31.12.2012, ബജറ്റ് പ്രസംഗം, ഒരു വർഷത്തെ കർമ്മ പരിപാടി എന്നിവ പ്രകാരം സർക്കാർ സിയാൽ മാതൃകയിൽ കേരള ഡ്രിങ്കിംഗ് വാട്ടർ സപ്ലൈ കമ്പനി ലിമിറ്റഡ് സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) സ്വകാര്യ കമ്പനി വരുമ്പോൾ ലിറ്ററിന് ഒരു രൂപയായിരിക്കും ഈടാക്കുകയെന്ന് പത്ര സമ്മേളനത്തിൽ മുഖ്യമന്ത്രി പറഞ്ഞിരുന്നതായ പത്രവാർത്തകൾ പരിശോധിച്ചിട്ടുണ്ടോ;<br>(സി) എങ്കിൽ നിലവിലുള്ള നിരക്കിന്റെ മുന്നൂറ് ഇരട്ടിയാണ് മുഖ്യമന്ത്രി പറഞ്ഞ തുകയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ഡി) ഈ വിഷയത്തിൽ ജലവിഭവ വകുപ്പിന്റെ നിലപാട് വ്യക്തമാക്കുമോ? | (ബി), (സി) & (ഡി) | പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ